# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2736** **17.06.2019 ലെ മറുപടി**

## കൊട്ടാരക്കര രവിനഗറിൽ കെ.ഐ.പി.യുടെ അധീനതയിൽ ഉള്ള ഭൂമി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി.പി. അയിഷാ പോറ്റി :** | **കെ. കൃഷ്ണൻകുട്ടി**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) കൊട്ടാരക്കര രവിനഗറിൽ കെ.ഐ.പി. യുടെ അധീനതയിൽ ആകെ എത്ര ഏക്കർ ഭൂമിയുണ്ട്; | (എ) കൊട്ടാരക്കര രവിനഗറിൽ കെ.ഐ.പി. യുടെ അധീനതയിൽ 2 ഹെക്ടർ 80 ആർ 90 ച.മീ.ഭൂമിയാണ് നിലവിൽ ഉള്ളത്. |
| (ബി) പ്രസ്തുത ഭൂമിയിൽ നിലവിൽ കെ.ഐ.പി. ഉപയോഗിക്കാത്ത മൂന്ന് ഏക്കർ ഭൂമി കൊട്ടാരക്കര മുനിസിപ്പാലിറ്റിക്ക് വിട്ടുകിട്ടുന്നതിന് കൊട്ടാരക്കര നിയമസഭാംഗം നൽകിയ കത്തിൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കാമോ? | (ബി) കൊട്ടാരക്കര നിയമസഭാംഗം 08.08.17 തീയതിയിൽ ജലവിഭവ വകുപ്പ് മന്ത്രിക്ക് നൽകിയ കത്തിന്മേൽ IR1/136/2017/WRD പ്രകാരം റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് 03.10.17-ൽ ചീഫ് എഞ്ചിനീയർ പ്രോജക്ട് II ന് കത്ത് നൽകുകയുണ്ടായി. 06.02.18-ലെ D4-589/16/KIP/SEC/17 ചീഫ് എഞ്ചിനീയർ പ്രോജക്ട് II-ന്റെ മറുപടി പ്രകാരം കൊട്ടാരക്കര രവിനഗർ കോളനി കാമ്പസിന്റെ ആകെ വിസ്തീർണ്ണം 2 ഹെക്ടർ 80 ആർ, 90 ചതുരശ്രമീറ്റർ ആണ്. പ്രസ്തുത സ്ഥലത്ത് 32 ഫാമിലി ക്വാർട്ടേഴ്സുകൾ, 6 ആഫീസുകൾ, സബ്ട്രഷറി - 1, ഗസ്റ്റ് ഹൗസ് - 1, ഡോർമെറ്ററി - 1, ഗോഡൗൺ - 1, റിക്രിയേഷൻ ക്ലബ് - 1, പമ്പ് ഹൗസ് - 2, കിണറുകൾ - 3, കാർഷെഡ് - 2 വാച്ച്മാൻ ഷെഡ് - 1, ക്വാളിറ്റി കൺട്രോൾ ലാബ് - 1, വാട്ടർ ടാങ്ക് - 2, എന്നിവ ഉൾപ്പെടുന്നതായും പ്രസ്തുത സ്ഥലത്തിന്റെ ഭൂരിഭാഗവും കെ.ഐ.പി.യുടെ ആവശ്യത്തിനായി ഉപയോഗിച്ചുകൊണ്ടിരിക്കുകയുമാണെന്ന് അറിയിച്ചിട്ടുണ്ട്. |

ആയതിനാൽ നഗരസഭയുടെ പശ്ചാത്തല വികസനത്തിനും ആസ്തി വികസനത്തിനുമായി കൈമാറ്റം ചെയ്യാൻ അനുയോജ്യമായ ഒരു സ്ഥലവും നിലവിൽ ഇല്ലായെന്ന് ചീഫ് എഞ്ചിനീയർ പ്രോജക്റ്റ് II അറിയിക്കുകയുണ്ടായി.

രവിനഗർ കാമ്പസിലെ ഭൂമി KIP-യുടെ ഭാവി വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നത് സംബന്ധിച്ച് വ്യക്തത വരുത്തിയ റിപ്പോർട്ട് സമർപ്പിക്കാൻ 07.06.2018-ന് ചീഫ് എഞ്ചിനീയർ, പ്രോജക്റ്റ് II ന് നിർദ്ദേശം നൽകുകയുണ്ടായി.

സെക്ഷൻ ഓഫീസർ